## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 477

11.06.2013- ലെ മറുപടിക്ക്

### സഹകരണ രംഗത്തെ പരിഷ്കരണം

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്. തോമസ്
ശ്രീ. റ്റി.യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വിവിധ ലോണുകൾ കുടിശ്ശികയായിട്ടുള്ളത് തവണകളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുമ്പോൾ പല സഹകരണ സ്ഥാപനങ്ങളും ആയത് അനുസരിക്കാതെ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നത് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ) കുടിശ്ശിക തുക തവണകളായി അടയ്ക്കുന്നതിന് അനുവദിക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിൽ ഇല്ല. എന്നാൽ, സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിരിക്കുന്ന അംഗങ്ങൾക്ക് ഇളവ് അനുവദിക്കണമെന്നും തവണകളായി അടയ്ക്കുന്നതിന് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷയിന്മേൽ വായ്പകൾ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ഭൂരിഭാഗം സംഘങ്ങളും പരമാവധി ഇളവുകളും, സാവകാശവും തവണകളും അനുവദിച്ചു നൽകാറുമുണ്ട്. സംഘങ്ങൾ/ബാങ്കുകൾ ടി നിർദ്ദേശം നടപ്പിലാക്കുവാൻ നിയമപരമായ കാരണങ്ങൾ പരാമർശിച്ച് വിമുഖത കാണിക്കാറുണ്ടെങ്കിലും വീണ്ടും നിർദ്ദേശിക്കുന്ന സാഹചര്യത്തിൽ ആയത് അംഗീകരിച്ച് പരമാവധി ഇളവുകളും ആനുകൂല്യങ്ങളും നൽകാറുണ്ട്.

| | |
|---|---|
| (ബി) സഹകരണരംഗം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) സഹകരണ രംഗം ഇപ്പോൾ പരിഷ്കരണത്തിന്റെ പാതയിലാണ്. ആയതിന്റെ ഭാഗമായി സഹകരണ മേഖലയിലെ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. പ്രധാനമായും കോർബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി. ജി.എസ്., എൻ.ഇ.എഫ്.റ്റി മുതലായ സേവന ങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഇടപാടുകാർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സഹകരണ മേഖലയിൽ പുരോഗമിച്ചു വരുന്നു. ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ സഹകരണ ബാങ്കുകളുടെയും ഭരണ സമിതിയിൽ രണ്ട് പ്രൊഫഷണൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത് സഹകരണ മേഖലയിലെ പരിഷ്കരണം, ആധുനിക വൽക്കരണം എന്നിവയുടെ ഭാഗമായിട്ടാണ്. |